

# INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 5. 4 www.iccvienna.org November-December 2010

## Message of the Chaplain

നമ്മുടെ ആരാധനാവത്സരത്തിലെ ഈ കാലഘട്ടത്തിൽ ഏറെ വൈകാരിക പ്രബുദ്ധതയോടെയാണ് സഭയുടെ കൂട്ടായ്മയെ നമ്മൾ അനുസ്മരിക്കുന്നത്. ഈ ഭൂമിയിൽ കർത്താവിനോടുകൂടി സ്വർഗ്ഗീയ പറുദീസായിലേയ്ക്ക് തീർത്ഥാടനം ചെയ്യുന്ന നമ്മളും വിശുദ്ധിയുടെ പൂർണ്ണതയിലെത്തിയ സഭാംഗങ്ങളും നമ്മുടെ സ്നേഹപൂർണ്ണമായ പ്രാർത്ഥനാസഹായം ആവശ്യമുള്ള സകല മരിച്ചവിശ്വാസികളും ഒന്നിച്ചുചേരുന്ന സഭയുടെ സാർവ്വത്രിക കൂട്ടായ്മയിൽ സജീവമായി പങ്കാളികളാകുവാൻ ഭാഗ്യം ലഭിച്ചതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. നമ്മുടെ കുടുംബവും ഇടവകയുമാണ് രക്ഷാകരമായ ഈ സഭാകൂട്ടായ്മയുടെ ഏറ്റവും പ്രകടമായ ജീവിതാനുഭവ വേദികൾ. അവയുടെ അദൃശ്യനായ നാഥനും, നായകനുമായ യേശുവിന്റെ ഏറ്റവും ശക്തമായ രക്ഷാവചനങ്ങൾ നമ്മുടെ ജീവിതത്തെ ശക്തിപ്പെടുത്തട്ടെ:

''ഭയപ്പെടേണ്ടാ, ഞാൻ നിങ്ങളോടുകൂടെയുണ്ട്. ലോകാവസാനത്തോളം. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ സ്വർഗ്ഗീയ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിൽ വസിക്കുന്നവൻ ധാരാളം ഫലം പുറപ്പെടുവിക്കും. ഞാൻ പ്രകാശമാണ്. നിങ്ങൾ പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നിങ്ങൾക്ക് കൂട്ടായ്മയുണ്ടാകും.''

നമ്മുടെ വിശ്വാസ സംസ്ക്കാര കൂട്ടായ്മയെ വളർത്തുവാനും ശക്തിപ്പെടുത്തുവാനും അവയിലൂടെ ദൈവത്തിന്റെ കൃപാവര സമൃദ്ധി അനുഭവിക്കുവാനും സഹായകമാകുന്ന നമ്മുടെ സകല സംരംഭങ്ങളേയും, അവയ്ക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്ന എല്ലാ ഇടവകാംഗങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നമ്മുടെ ഇടവകയുടെ കൂട്ടായ്മയ്ക്കും ഭദ്രതയ്ക്കും ആവശ്യമായ താഴെപ്പറയുന്ന കാര്യങ്ങളിലേയ്ക്ക് നിങ്ങളേവരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1). **<u>നമ്മുടെ വിശുദ്ധ കുർബ്ബാനയർപ്പണ ക്രമം ശ്രദ്ധിക്കുക</u>**: വിയന്ന അതിരൂപതയിൽ ഏതൊരു ഭാഷാ സമൂഹത്തിനും ലഭിക്കുന്നതിനേക്കാൾ ഏറെ അവസരങ്ങൾ വിശുദ്ധ കുർബ്ബാനയർപ്പിക്കുവാൻ നമ്മുടെ മലയാളി കത്തോലിക്കാ ഇടവകയ്ക്ക് ലഭിക്കുന്നുണ്ട്. നമുക്ക് ലഭിച്ചിരിക്കുന്ന ഈയവസരങ്ങൾ പരമാവധി ഫലദായകമായി നമുക്ക് ഉപയോഗിക്കാം. നമ്മുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും കൂട്ടായ്മാ സമ്മേളനങ്ങളും ആർക്കും അരോചകമായിത്തീരാതിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ആയതിനാൽ വിയന്ന അതിരൂപത നമുക്ക് മലയാള ഭാഷയിലുള്ള ആരാധനയ്ക്കായി അനുവദിച്ചിട്ടുള്ള പള്ളികളിലും ചാപ്പലുകളിലും അനുവദനീയമായ സമയങ്ങളിൽ നമ്മുടെ ആരാധനാഘോഷങ്ങൾ നടത്തുവാൻ നമുക്ക് ശ്രദ്ധിക്കാം. താഴെ കൊടുത്തിരിക്കുന്ന സ്ഥല–സമയ ക്രമം ശ്രദ്ധിക്കുക.

1. <u>Sundays of the Year:</u> Holy Mass in Malayalam at 11. 30 AM in Maria Lourdes; at 5. 30 PM in Stadlau Kapelle. No group Mass, no private Mass, no other Malayalam Mass elsewhere is allowed to be celebrated on Sundays.
2. <u>Weekdays of the Year:</u>
   Mondays: Memorial Mass in German together with the local Community at 6.30 PM in the Krypta of Maria Lourdes.
   Tuesdays, Wednesdays, Thursdays and Fridays: Holy Mass in Malayalam at 8. 15 AM in the Krypta of Maria Lourdes.
   Fridays: Holy Mass in English in the VIC Chapel at 12.00 Noon
   Saturdays: Holy Mass in Malayalam at 8.15 AM in Maria Lourdes: at 8.00 AM in Stadlau Kapelle
3. <u>Malayalam Mass at ICC Prayer Units once in a month.</u>

Prior permission from the Chaplain/s is needed for Mass on other days.

**<u>Additional Facilities</u>** for Holy Mass with prior permission from ICC Chaplain/s:

at 11. 00 AM on Saturdays in Stadlau Kapelle, if available

at 11. 00 AM on Saturdays in Church/Krypta in Maria Lourdes, if available

**<u>Please note the following guidelines</u>**:

1). The ICC will not arrange, in any case, a Holy Mass for a *<u>third time</u>* on the same day in any Church or Chapel of the Archdiocese of Vienna. Please do not approach any Parish for this matter.
2). Kindly avoid any function in the Stadlau Chapel or Stadlau Hall between 5 PM and 7 PM.
3). <u>Kindly arrange Malayalam Mass only on the days and at the times, which are given above.</u>
4). The contact persons at various parish centres are requested to contact the Chaplain/s before they approach any Parish Office for arranging an additional Malayalam Mass.
5). Those who receive the keys of the Church for ICC services should not transfer it over to other persons without the prior permission of the ICC Chaplain/s or of the respective Parish authorities.

ഇത്രയേറെ സൗകര്യങ്ങൾ നമ്മുടെ ഇടവകയിൽ ലഭിക്കുന്നതുകൊണ്ട് ദയവായി മറ്റു സമയങ്ങളിൽ മലയാളം കുർബ്ബാന നടത്തുന്നത് കഴിവതും ഒഴിവാക്കുമല്ലോ. മാത്രമല്ല, ഈയടുത്ത കാലങ്ങളിൽ Stadlau ഇടവകാംഗങ്ങളുടെ പരാതികളും അസൗകര്യങ്ങളും പരിഗണിച്ച് ആ സെന്ററിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽമാത്രം മലയാളം കുർബ്ബാന നടത്തുവാൻ നമുക്കു ശ്രമിക്കാം.

ഞായറാഴ്ചകളിൽ മരിച്ചവർക്കുവേണ്ടിയുള്ള ലിറ്റർജി ക്രമമനുസരിച്ചുള്ള കുർബ്ബാനയർപ്പണം സഭ വിലക്കിയിരിക്കുന്നതുകൊണ്ട് ശനിയാഴ്ചയിലെ Vorabendmesse മുതൽ തിങ്കളാഴ്ച രാവിലെ വരെ മരിച്ചവരുടെ ഓർമ്മകുർബ്ബാന ഒഴിവാക്കേണ്ടതാണ്.

ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാന ഏകാഗ്രതയോടും, ഭക്തിയോടുംകൂടി അർപ്പിക്കണമെന്നാണ് സഭ ഉദ്ബോധിപ്പിക്കുന്നത്. ആയതിനാൽ വിശുദ്ധ കുർബ്ബാനയ്ക്കുമുമ്പോ, പിമ്പോ മറ്റ് ജനകീയ ഭക്താനുഷ്ഠാനങ്ങൾ കഴിവതും ഒഴിവാക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു. എങ്കിലും വിശുദ്ധ കുർബ്ബാനയ്ക്കുമുമ്പ് പള്ളിയിലെത്തുന്നവർ ജപമാല പ്രാർത്ഥനയോ മറ്റ് ഭക്താനുഷ്ഠാനങ്ങളോ നടത്തുന്നതിൽ അവരെ നമ്മൾ നിരുത്സാഹപ്പെടുത്തുന്നില്ല. എന്നാൽ കുർബ്ബാന തുടങ്ങുന്നതിന് അഞ്ച് മിനിറ്റ് നേരത്തെ മറ്റ് പ്രാർത്ഥനകൾ അവസാനിപ്പിച്ച് ആത്മീയ ഏകാഗ്രതയോടെ നിശബ്ദമായി കുർബ്ബാനയർപ്പണത്തിന് ഒരുങ്ങേണ്ടതാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ ലദീഞ്ഞ് കുർബ്ബാനയ്ക്ക് മുമ്പ് നടത്തുന്ന Stadlau Kapelle യിൽ കുർബ്ബാന തുടങ്ങുന്നതിന് 15 മിനിറ്റ് നേരത്തെ ലദീഞ്ഞിന്റെ പാട്ട് തുടങ്ങാവുന്നതാണ്. അതിനുമുമ്പ് സമയം ലഭിക്കുന്നതനുസരിച്ച് കൊന്തയോ മറ്റേതെങ്കിലും പ്രാർത്ഥനകളോ ഭക്താനുഷ്ഠാനങ്ങളോ താല്പര്യമുള്ളവർക്ക് നടത്താവുന്നതാണ്.

വിശുദ്ധ കുർബ്ബാനയുടെ പ്രാർത്ഥനകളും, പാട്ടുകളും സാധിക്കുന്നിടത്തോളം ഒരുമയോടെ – ശ്രുതിചേർത്ത് – നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഉയർന്ന **<u>മീഡിയം ശ്രുതിയിലാണ്</u>** നമ്മുടെ സമൂഹം അവ നടത്താറുള്ളത്. സമൂഹത്തിന് അനുയോജ്യമായ ശ്രുതിയിൽ പാട്ടുകൾ പാടുവാൻ സാധിക്കാത്തവർ ദയവായി പാട്ടുകൾ തുടങ്ങുവാൻ ശ്രമിക്കരുത്. അവർ മറ്റുള്ളവരുടെ കൂടെ പാടിയാൽ ദൈവത്തിനും മനുഷ്യർക്കും ആനന്ദകരമാകും. ആരും അരോചകമായി പാട്ടുകൾ പാടി ആരാധനയെ അലങ്കോലമാക്കരുത്.

ഏവർക്കും അടുത്തുവരുന്ന ആരാധനാ വർഷത്തിന്റേയും പിറവിത്തിരുനാളിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ നേരുന്നു. സ്നേഹത്തോടെ, തോമസ്സച്ചൻ

**Bible Competition**: അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ നിന്ന് വിശുദ്ധ പൌലോസ് ശ്ലീഹായുടെ വിശ്വാസ ജീവിത ചരിത്രവും വചനപ്രഘോഷണവും പഠിക്കുക. അവ ഏറ്റവും സമഗ്രമായി 40 മിനിറ്റിനുള്ളിൽ എഴുതുക. ഏറ്റവും പൂർണ്ണവും സമഗ്രവുമായ രചനകൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. **<u>Written Test on Sunday 28th November after the Malayalam Mass both in Maria Lourdes and in Stadlau.</u>**

# Forthcoming Important Events

**25th, 26th ,27th November: Marriage Preparation Course, from 2.00 PM to 6.00 PM in Maria Lourdes, Tivoligasse -20. A- 1120 Wien.**

**9th December: Last date to submit your written suggestions about the ICC Parish Committee Election for the Period of 2011 to 2014.**

**10th December: ICC Parish Committee at 7. 30 PM in Maria Lourdes.**

**12th December: Ecumenical Carol Programme, from 3.00 PM in Maria Lourdes (see the Notice).**

**19th December : Christmas Confession at Malayalam Mass in Maria Lourdes and Stadlau.**

**25th December –Saturday- Solemn Christmas Liturgy at 3.00 PM in Maria Lourdes.**

**31st December: Jahresschluß: - at 7. 45 PM Malayalam Liturgy in <u>Maria Lourdes</u>.**

**1st January, 2011-Saturday : <u>No Malayalam Mass</u> in Maria Lourdes and Stadlau.**

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*